(ബി) 2004 ഡിസംബർ, 2005 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ വിനോദസഞ്ചാരികളുടെ വരവിന്റെ കണക്കുകൾ കൂടി ലഭ്യമായതിനു ശേഷമേ ഇതിനെക്കുറിച്ചു പറയാൻ സാധിക്കുകയുള്ളൂ.

വേളിയിൽ പുതുതായി ആരംഭിക്കുന്ന അമ്യൂസ്മെന്റ് പാർക്ക്

83 [401] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വേളിയിൽ പുതുതായി ആരംഭിക്കുന്ന അമ്യൂസ്മെന്റ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനം ഏതു ഘട്ടംവരെയായി;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ സർക്കാരിന്റെ ടൂറിസം വകുപ്പ് നേരിട്ടാണോ നടത്തുന്നത്; ആണെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വേളിയിലെ അമ്യൂസ്മെന്റ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭ ജോലികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) നേരിട്ടല്ല നടത്താനുദ്ദേശിക്കുന്നത്. ഇതിന്റെ വിശദാംശങ്ങൾക്ക് ഉടനടി അന്തിമ രൂപം നൽകുന്നതാണ്.

കായംകുളത്തെ ടൂറിസം വികസന പദ്ധതി

84 [402] ശ്രീ. എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്തെ ടൂറിസം വികസന പദ്ധതികൾക്കായി കെ.ടി.ഡി.സി.-യുടെ വക ഹോട്ടൽ ആരാമത്തോട് ചേർന്നുള്ള സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഏതു ഘട്ടത്തിലാണ്;

(ബി) കായംകുളത്ത് നിന്നും വള്ളിക്കാവിലേക്ക് ബോട്ട് സർവ്വീസ് ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഡി.ടി.പി.സി.-യുടെ അധീനതയിലുള്ള കായംകുളം ജലയോര വിശ്രമകേന്ദ്രം പ്രവർത്തനരഹിതമായി കിടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഭൂമി കൈമാറുന്നതിനുള്ള ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ അപേക്ഷ ലാന്റ് റവന്യൂ കമ്മീഷണർക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

(ബി) പരിശോധിക്കാവുന്നതാണ്.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly